**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 616** **17-09-2025 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിന്റെ വിനിയോഗം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിൽ വഞ്ചി ക്ലേ മൈൻസിന്റെ 4.3 ഏക്കർ ഭൂമിയിൽ വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനോ എന്തെങ്കിലും വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനോ വ്യവസായ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | തീരുമാനിച്ചിരുന്നു.<br><br>ഇവിടെ ഒരു ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിന് DPR തയ്യാറാക്കിയിട്ടുള്ളതുമായിരുന്നു. എന്നാൽ, വ്യവസായ പ്ലോട്ടിലെ ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് സമീപത്തുള്ള വയലിൽ ഭഗവതി ക്ഷേത്രവുമായി പരവൂർ മുൻസിഫ് കോടതിയിലും മെ. കേരള എഡ്യൂക്കേഷണൽ ഡവലപ്മെന്റ് & എംപ്ലോയ്മെന്റ് സൊസൈറ്റി (KEDES)-യ്ക്ക് നൽകിയ 150 സെന്റ് ഭൂമിയിൽ 110 സെന്റ് തിരിച്ചെടുത്ത് പുതിയ സംരംഭകന് അനുവദിച്ച നടപടിയിൽ, ബഹു. കേരള ഹൈക്കോടതിയിലും കേസുകൾ നിലനിൽക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി വ്യവസായ ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | ബഹുനില വ്യവസായ സമുച്ചയ നിർമ്മാണം റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.<br><br>എന്നാൽ മേൽ പദ്ധതി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ എറ്റെടുക്കാൻ നിർവാഹമില്ലെന്ന് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് അറിയിച്ചിട്ടുണ്ട്. ലോകബാങ്കിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന കേര പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിച്ച വരുന്നു. |
| (സി) | ചാത്തന്നൂരിലെ വഞ്ചി ക്ലേ മൈൻസിന്റെ ഭൂമി നിലവിൽ ആർക്കെങ്കിലും പാട്ടത്തിനോ മറ്റ് വ്യവസ്ഥകൾ പ്രകാരമോ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | വഞ്ചി ക്ലേ മൈൻസ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ചാത്തന്നൂർ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് പ്ലോട്ടിൽ നിലവിലെ സർവ്വെ സ്കെച്ച് പ്രകാരം ആകെ 2.3512 Hectare (580 സെന്റ്) ഭൂമി ഉണ്ട്. ഇതിൽ മെ. കേരള എഡ്യൂക്കേഷണൽ ഡവലപ്മെന്റ് & എംപ്ലോയ്മെന്റ് സൊസൈറ്റി-യ്ക്ക് 150 സെന്റ് ഭൂമിയും, മെ. ലാൻസെറ്റ് ഗ്ലാസ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് 108.44 സെന്റ് ഭൂമിയും ഉൾപ്പെടെ ആകെ 258.44 സെന്റ് ഭൂമി ഹയർ പർച്ചേസ് വ്യവസ്ഥയിൽ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേഡസിന് (KEDES) അനുവദിച്ചിരുന്ന 150 സെന്റ് ഭൂമിയിൽ വ്യവസായത്തിന് വിനിയോഗിക്കാതെയിട്ടിരുന്ന 110 സെന്റ് ഭൂമി തിരിച്ചെടുത്ത്, ആയതിൽ വ്യവസായ ആവശ്യത്തിന് ഉതകുന്ന 37.5 സെന്റ് ഭൂമി മെ ക്രയോ പ്രിസിഷൻ ടെക്നോളജീസ് എന്ന സ്ഥാപനം ആരംഭിക്കുന്നതിനായി നൽകിയിട്ടുണ്ട്. |
| (ഡി) | വഞ്ചി ക്ലേ മൈൻസിന്റെ ഭൂമി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് വ്യവസായ വകുപ്പിന്റെ കാഴ്ചപ്പാട് വ്യക്തമാക്കാമോ? | (ഡി) | കോടതിയിൽ നിലവിലുള്ള കേസിന്റെ വിധി അനുകൂലമായാൽ പ്ലോട്ടിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ